I/120960/2023

"ഭരണഭാഷ-മാതൃഭാഷ"

No.DWCD/5719/2023-E9

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 13-10-2023
E-Mail:directorate.wcd@kerala.gov.in
Phone No.0471-2346534

## പരിപത്രം

വിഷയം:- വനിത ശിശുവികസന വകുപ്പ് - ജീവനക്കാര്യം - പ്രോഗ്രാം ഓഫീസർ തസ്തികയിലെ ജീവനക്കാരുടെ ഡെപ്യൂട്ടേഷൻ നിയമനം - അപേക്ഷ ക്ഷണിക്കുന്നത് - സംബന്ധിച്ച്:-

സൂചന:- ചണ്ഡീഗഢ് സാമൂഹ്യ ക്ഷേമം, വനിത ശിശുവികസന വകുപ്പ് സെക്രട്ടറിയുടെ 20/09/2023 ലെ ICDS-Cell/2023/1607 നം കത്ത്.

ചണ്ഡീഗഢ് വനിത ശിശുവികസന വകുപ്പിലെ ICDS പദ്ധതിയിൽ നിലവിലുള്ള ഒരു പ്രോഗ്രാം ഓഫീസർ തസ്തികയിലെ ഒഴിവിലേയ്ക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തുന്നതിനായി മൂന്ന് പ്രോഗ്രാം ഓഫീസർമാരുടെ പാനൽ തയ്യാറാക്കുന്നതായും ആയതിലേയ്ക്ക് താൽപ്പര്യമുള്ള സംസ്ഥാനത്തെ ICDS പ്രോഗ്രാം ഓഫീസർ തസ്തികയിൽ നിന്നുള്ള ജീവനക്കാരുടെ വിവരങ്ങൾ നൽകുന്നതിനും സൂചന പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ചണ്ഡീഗഢ് വനിത ശിശുവികസന വകുപ്പിലെ ICDS പദ്ധതിയിൽ സേവനമനുഷ്ഠിക്കാൻ താൽപ്പര്യമുള്ള വകുപ്പിലെ പ്രോഗ്രാം ഓഫീസർ തസ്തികയിലെ ജീവനക്കാർ (കഴിഞ്ഞ 3 വർഷക്കാലയളവിൽ വിജിലൻസ് / ക്രിമിനൽ /ഡിപ്പാർമെന്റൽ / കോർട്ട് കേസുകൾ/അന്വേഷണങ്ങൾ എന്നിവ നിലവിലില്ലാത്തവർ മാത്രം) ഈ പരിപത്ര തീയതി മുതൽ 3 ദിവസത്തിനകം ബയോഡാറ്റയും സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും സഹിതമുള്ള അപേക്ഷ wcdestablishment2017@gmail.com എന്ന ഇ മെയിൽ വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്.

**Signed by Rajila Beevi S**
**Date: 13-10-2023 17:04:52**
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

പകർപ്പ്

1. എല്ലാ ജില്ല വനിതാ ശിശുവികസന ഓഫീസർമാർക്കും
2. സ്റ്റോക്ക് ഫയൽ/ സ്പെയർ